DESPATCHED
On 05/06/2020
17/3/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1591(7)/2013**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.10645/എസ്.ഐ.സി-ജി 6/13

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.കെ. വി അയ്യപ്പൻ ആചാരി**
**കുമാരരാജം നിവാസ്**
**പേരൂർ വിളാകം, കരുമാനൂർ**
**പാറശ്ശാല പി.ഒ**
**തിരുവനന്തപുരം-695502** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**കെ.എസ്.എഫ്.ഇ ലിമിറ്റഡ്, കഴക്കൂട്ടം ബ്രാഞ്ച്**
**കഴക്കൂട്ടം പിഒ**
**തിരുവനന്തപുരം-695 582**
2. **അപ്പീൽ അധികാരി ആന്റ് മാനേജിംഗ് ഡയറക്ടർ**
**കെ.എസ് എഫ് ഇ ലിമിറ്റഡ്**
**ഭദ്രത, പി.ബി നം.510, മ്യൂസിയം റോഡ്**
**തൃശൂർ-680 020** — **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. 23.03.2013 ൽ ഹർജിക്കാരൻ നൽകിയ 11 ചോദ്യങ്ങൾ ഉൾപ്പെട്ട വിവരാവകാശ അപേക്ഷയ്ക്ക് 10.04.2013 ൽ എസ്.പി.ഐ.ഒ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 23.05.2013 ൽ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും 22.06.2013-ൽ അപ്പീൽ അധികാരി നൽകിയ മറുപടി യിൽ 2,6,9,10 എന്നീ ചോദ്യങ്ങൾക്ക് ആവശ്യപ്പെട്ട വിവരങ്ങൾ തൃപ്തികരമല്ലെ

ന്നാണ് ഹർജിക്കാരന്റെ ആക്ഷേപം എന്ന് കണ്ട് ടി ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

3. എസ്.പി.ഐ.ഒ. കമ്മീഷനിൽ 26.08.2013 ൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഹർജിക്കാരൻ കമ്മീഷനിൽ സമർപ്പിച്ച അപ്പീലുമായി ബന്ധപ്പെട്ട ചോദ്യം 1 ന് എൻ.സി.എൽ 1424 ൽ ശ്രീമതി സരസ്വതി അമ്മാൾ 09.02.2012 ൽ 1,31,000/- രൂപ അടയ്ക്കുകയും ആ തുകയ്ക്ക് 14.02.2012 ൽ പലിശ കണക്കാക്കുകയും ചെയ്തുവെന്ന് പറഞ്ഞതിൽ എൻ.സി.എൽ 1424 ൽ എടുത്തിരിക്കുന്ന ചിട്ടിയുടെ ഡ്യൂ ഡേറ്റ് 14-ാം തിയതി ആകയാൽ 09.02.2012 ൽ രൂപ അടച്ചത് 14.02.2012 വരെ പലിശയിലേയ്ക്കും ബാക്കി തുക ലോണിലേയ്ക്കും വരവ് വെയ്ക്കുകയുണ്ടാവുകയും ബാക്കി തുകയ്ക്ക് 15.02.2012 മുതൽ മാത്രമേ പലിശ കണക്കാക്കിയുട്ടുള്ളുവെന്നും രണ്ടാമത്തെ ചോദ്യത്തിന് കമ്പനിയുമായി ബന്ധപ്പെട്ട് പൊതുവായി വരുന്ന കേസുകൾ കൈകാര്യം ചെയ്യുന്നത് കമ്പനിയുടെ കോർപ്പറേറ്റ് ഓഫീസ് ആകയാൽ ടി വിവരങ്ങൾ ബ്രാഞ്ചിൽ ലഭ്യമല്ലെന്നാണ്

4. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 28.01.2020 ന് കമ്മീഷൻ ആസ്ഥാനത്ത് വച്ചു നടന്ന ഹിയറിംഗിൽ ഹാജരാകുവാൻ ഇരു കക്ഷികൾക്കും നോട്ടീസ് നൽകുകയും ഇരുവരും ഹാജരാകുകയും, എസ്.പി.ഐ.ഒ കമ്മീഷനിൽ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് കിട്ടിയിട്ടില്ലെന്ന അഭിപ്രായം ഹർജിക്കാരൻ രേഖപ്പെടുത്തുകയും ചെയ്തു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയതായി കമ്മീഷൻ വിലയിരുത്തുകയും എതിർകക്ഷി കമ്മീഷനിൽ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് ലഭിച്ചില്ലാത്തതിനാൽ ആയതിന്റെ പകർപ്പ് ഒരാഴ്ചയ്ക്കുള്ളിൽ ഹർജിക്കാരന് നൽകാൻ കമ്മീഷൻ നിർദ്ദേശിക്കുകയും, മേൽ നിർദ്ദേശത്തോടെ ഈ പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION